**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **14-02-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ മാലിന്യനിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **കേരളത്തിലെ വന പ്രദേശങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്ന് പോകുന്ന ദേശീയ പാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ' ഗ്രീൻ ഗ്രാസ് പ്രൊജക്റ്റ് ' എന്ന പദ്ധതി 2019-20, 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ' മാലിന്യ മുക്ത കേരളം ' പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1081/2023/LSGD തീയതി 22-05-2023 പ്രകാരം വനപ്രദേശത്തു നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.**<br><br>**• വന പ്രദേശത്ത് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതാത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകളും, റോന്തു ചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.**<br><br>**• പ്രധാനപ്പെട്ട പ്രദേശങ്ങളിലും കൂടുതലായി മാലിന്യനിക്ഷേപം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിലും ' ഗ്രീൻ ഗ്രാസ് പദ്ധതി ' യുടെ ഭാഗമായി CCTV ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.**<br><br>**• വനം വകുപ്പുദ്യോഗസ്ഥരോടൊപ്പം തദ്ദേശ വനവാസികൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGOകൾ, NSS വോളന്റിയർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ വനത്തിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണം നടത്തുന്നു.** |

| | | | |
|---|---|---|---|
| | | | • **ശേഖരിക്കുന്ന മാലിന്യങ്ങളെ ജൈവവും അജൈവവും ആയി തരം തിരിച്ച് ജൈവമാലിന്യങ്ങൾ ഉചിതവും പരിസ്ഥിതിക്ക് ദോഷം വരാത്തതുമായ രീതിയിൽ ഭൂമിയിൽ മറവു ചെയ്യുകയും അജൈവമാലിന്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനന്തര നടപടികൾക്കായി കൈമാറ്റം ചെയ്യുകയും ചെയ്തുവരുന്നു.**<br><br>• **മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വരുന്നുണ്ട്.**<br><br>• **വനമേഖലയിലെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി വെയ്സ്റ്റ് ബിന്നുകൾ, പിറ്റുകൾ, ഇൻസിനിറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.**<br><br>• **ബോധവൽക്കരണ ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നുണ്ട്.**<br><br>• **മൂന്നാർ വന്യജീവി ഡിവിഷന് കീഴിൽ രാജമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു മാലിന്യ നിർമ്മാർജ്ജന യൂണിറ്റ് ' ഗ്രീൻ ഗ്രാസ് പദ്ധതി 'യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.** |
| (ബി) | വനത്തിന് സമീപത്തിലെ പാതയോരങ്ങളിലും വനമേഖലയിലും രാത്രികാലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (ബി) | **വന പ്രദേശത്ത് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതാത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകളും, റോന്തു ചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതോടൊപ്പം പ്രധാനപ്പെട്ട പ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകളും ' ഗ്രീൻ ഗ്രാസ് പദ്ധതി 'യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. വനം വകുപ്പുദ്യോഗസ്ഥർ, തദ്ദേശ വനവാസികൾ അംഗങ്ങളായ വന സംരക്ഷണ സമിതികൾ (VSS)/ ഇക്കോ-ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGOകൾ, NSS വോളന്റിയർമാർ എന്നിവർ മാലിന്യ ശേഖരണ/സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.** |

സെക്ഷൻ ഓഫീസർ